നം. A2/80/KSCEBCFC/2021

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി
**പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള**
**കേരള സംസ്ഥാന കമ്മീഷൻ**
റ്റി.സി.81/1377, മാഞ്ഞാലിക്കുളം റോഡ്,
തിരുവനന്തപുരം - 01
ഫോൺ - 0471 - 2325573
തീയതി : 28.12.2021

പ്രേഷിതൻ,

**രജിസ്ട്രാർ**

സ്വീകർത്താവ്,

എക്സിക്യൂട്ടീവ് **ഡയറക്ടർ**
**കുടുംബശ്രീ**

സർ,

വിഷയം : KSCEBCFC - സാമൂഹ്യ സാമ്പത്തിക സർവ്വേ സംബന്ധിച്ച്.

സൂചന : (1) ഈ ഓഫീസിൽ നിന്നുള്ള 30.12.2021-ലെ ഇതേ നമ്പർ കത്ത്
(2) താങ്കളുടെ ഓഫീസിലെ 23.11.2021, 24.11.2021, എന്നീ തീയതികളിലുള്ള 1548/M/2021/KSHM നമ്പർ കത്തുകൾ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ടവർ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ വേണ്ടി നടത്തുന്ന സാമൂഹിക സാമ്പത്തിക സർവ്വേ നടപടികൾ 15.12.2021-ന് മുമ്പായി പൂർത്തീകരിക്കേണ്ടതാണെന്ന് സൂചന (1) കത്ത് പ്രകാരം അറിയിച്ചിരുന്നു. ഇതു സംബന്ധിച്ച് സർക്കാർ അടിയന്തരമായി റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, കമ്മീഷൻ സർവ്വേ നടപടികൾ നിരന്തരമായി നിരീക്ഷിക്കുകയും തത്സംബന്ധമായ പുരോഗതി ദൈനംദിനാടിസ്ഥാനത്തിൽ വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്.

സർക്കാരിന് സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കേണ്ട സാഹചര്യത്തിൽ മൊബൈൽ/വെബ് ആപ്ലിക്കേഷൻ വഴി ശേഖരിക്കുന്ന വിവരങ്ങൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ സർവ്വറിലേയ്ക്ക് അപ്-ലോഡ് ചെയ്യുന്നതിനുമുള്ള അവസാന സമയം 31.12.2021 രാത്രി 12 (24hrs) മണി ആയി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഈ സമയത്തിനു ശേഷം യാതൊരു ഡാറ്റയും പുതുതായി സെർവ്വറിലേയ്ക്ക് അപ്-ലോഡ് ചെയ്യുവാൻ കഴിയുന്നതല്ല.

എന്നാൽ, ഇതിനു മുന്നോടിയായി അപ്-ലോഡ് ചെയ്ത ഡാറ്റായിൽ എന്തെങ്കിലും പിശക് സംഭവിച്ചിട്ടുള്ള പക്ഷം ആയത് പരിഹരിക്കുവാനുള്ള 'വിൻഡോ' 31.01.2022 രാത്രി 12 മണിവരെ പ്രവർത്തിക്കുന്നതാണ്. പ്രസ്തുത സമയത്തിനുള്ളിൽ ഈ വിൻഡോ മുഖാന്തരം, പിശകുകൾ എന്തെങ്കിലും കടന്നു കൂടിയിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതുമാണ്. ഈ വിവരങ്ങൾ സർവ്വേ സൂപ്പർവൈസർമാരെയും സർവ്വേ ടീം അംഗങ്ങളെയും അടിയന്തരമായി അറിയിക്കുവാൻ താൽപര്യപ്പെടുന്നു. സർവ്വേയുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ട തുക ഉടൻ അനുവദിക്കുന്നതാണെന്ന വിവരം കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**പുരുഷോത്തമൻ.കെ.പി**
**ഗവ. അഡീഷണൽ സെക്രട്ടറി & രജിസ്ട്രാർ**

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ